(ബി) 115.83 കോടി രൂപയുടെ വനോൽപ്പന്നങ്ങൾ ശേഖരിച്ചിട്ടുണ്ട്.

(സി) തടി, തേക്കുകഴ, മുള, ഈറ്റ, യൂക്കാലിപ്റ്റസ്, അക്കേഷ്യ എന്നീ മൂന്നു വനവിഭവങ്ങൾ; തേൻ, കുന്തിരിക്കം, ഔഷധസസ്യങ്ങൾ തുടങ്ങിയ ചെറുകിട വനവിഭവങ്ങൾ എന്നിവയാണ് പ്രധാനമായും ശേഖരിച്ചു വരുന്ന വനോൽപ്പന്നങ്ങൾ.

(ഡി) 4968 കേസ്സുകൾ കണ്ടു പിടിക്കപ്പെട്ടിട്ടുണ്ട്.

(ഇ) വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി സംസ്ഥാനത്ത് 88 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. വനസംരക്ഷണ ഉദ്യോഗസ്ഥൻമാർക്ക് കൂടുതൽ വാഹനങ്ങളും ആയുധങ്ങളും വയർലസ്സ് സംവിധാനങ്ങളും നൽകി വനസംരക്ഷണം കാര്യക്ഷമമാക്കിയിട്ടുണ്ട്. വനോൽപ്പന്നങ്ങൾ കള്ളക്കടത്ത് നടത്തുന്ന വാഹനങ്ങൾ കണ്ടുകെട്ടുന്നതിന് ഉന്നത വനംവകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് അധികാരം നൽകിക്കൊണ്ട് വന നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. വനപ്രദേശത്തിന് 5 കിലോമീറ്ററിനുള്ളിൽ മരാധിഷ്ടിത വ്യവസായങ്ങൾ തുടങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നതിന് വനവകുപ്പിൽ ഒരു ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു.

25 (*81) ബാങ്കുകളുടെ ക്രെഡിറ്റ്-ഡെപ്പോസിറ്റ് റേഷ്യോ

ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാങ്കുകളുടെ ക്രെഡിറ്റ്-ഡെപ്പോസിറ്റ് റേഷ്യോ എത്രയാണ്?

(ബി) സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ 1997-98,1998-99 എന്നീ വർഷങ്ങളിൽ എന്തു തുക വീതം നിക്ഷേപമുണ്ടായിരുന്നു;

(സി) ഇതിൽ സംസ്ഥാനത്തെ കാർഷിക രംഗത്തും വ്യാവസായിക രംഗത്തും എന്തു തുക വീതം വായ്പ നൽകി;

(ഡി) സംസ്ഥാനത്തെ പ്രമുഖ വാണിജ്യ ബാങ്കുകളുടെ നിക്ഷേപ വായ്പാ അനുപാതം എത്രയെന്ന് അറിയിക്കുമോ;

(ഇ) വായ്പാ അനുപാതം വർദ്ധിപ്പിക്കണമെന്ന് ഈ ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(എഫ്)അർഹതപ്പെട്ട വായ്പാ അപേക്ഷകൾ പലതും ഇത്തരം ബാങ്കുകൾ പരിഗണിക്കുന്നില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 1999 ജൂൺ 30-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ബാങ്കുകളുടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ 41.64 ശതമാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാങ്കുകൾ നിക്ഷേപത്തേയും വായ്പയേയും കുറിക്കുന്ന കണക്കുകൾ വെളിപ്പെടുത്തുന്നത് വാർഷികാടിസ്ഥാനത്തിലല്ല. സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ 1998 മാർച്ച് 31-ലെ കണക്കനുസരിച്ച് 27552.1 കോടി രൂപയുടെയും 1999 മാർച്ച് 31-ലെ കണക്കനുസരിച്ച് 31531.8 കോടി രൂപയുടേയും നിക്ഷേപമുണ്ടായിരുന്നു.

(സി) 1998 മാർച്ച് 31-ലെ കണക്കനുസരിച്ച് കാർഷിക മേഖലയിൽ 1814 കോടി രൂപയുടേയും വ്യാവസായിക മേഖലയിൽ 1558 കോടി രൂപയുടേയും 1999 മാർച്ച് 31-ലെ കണക്കനുസരിച്ച് കാർഷികമേഖലയിൽ 1951 കോടി രൂപയുടേയും വ്യാവസായിക മേഖലയിൽ 1783 കോടി രൂപയുടേയും വായ്പ നൽകി.

(ഡി) സംസ്ഥാനത്തെ പ്രമുഖ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം അനുബന്ധമായി നൽകിയിരിക്കുന്നു.†

(ഇ) ഉണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

26 (*82) സംസ്ഥാനത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുത്താൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് വേണ്ടി നികുതിഘടന പരിഷ്ക്കരിച്ചും നികുതി ചോർച്ച തടഞ്ഞും വിൽപന നികുതിയിനത്തിൽ കുടിശ്ശികയായിക്കിടക്കുന്ന തുകകൾ ഊർജ്ജിതമായി പരിച്ചെടുക്കുന്നതിന് സമയബന്ധിത പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ആദായനികുതി, കസ്റ്റംസ് തീരുവ, എക്സൈസ് തീരുവ, കമ്പനി നികുതി എന്നിവ പരിഷ്ക്കരിക്കാൻ കേന്ദ്രത്തിന് ശുപാർശ നൽകിയിട്ടുണ്ടോ;

(ഡി) വിൽപ്പനനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അന്തർസംസ്ഥാന ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) കേന്ദ്രഗവൺമെന്റിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ടതായ കേന്ദ്രനികുതി വിഹിതം വർദ്ധിപ്പിക്കാൻ ദേശീയ വികസന കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) 9-ാം പദ്ധതിക്കാലത്ത് സംസ്ഥാനത്തിന്റെ വികസന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് സംസ്ഥാനത്ത് നിക്ഷേപം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ 9-ാം പദ്ധതിക്കാലത്ത് എത്ര തുകയുടെ മൂലധനനിക്ഷേപവും വിഭവസമാഹരണവും സംസ്ഥാനത്ത് നടത്താനാണ് സർക്കാർ നടപടി സ്വീകരിച്ചു വരുന്നതെന്ന് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

---

† അനുബന്ധം - IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - IV

(15-12-1999-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 25 (*81) ദയവായി കാണുക)

കേരളത്തിലെ പ്രധാന വാണിജ്യബാങ്കുകളുടെ വായ്പ-നിക്ഷേപ അനുപാതം (1999 ജൂൺ 30-ലെ കണക്കനുസരിച്ച്)

	ബാങ്ക്	വായ്പാ നിക്ഷേപ അനുപാതം
1.	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ	41.95
2.	സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ	42.16
3.	ബാങ്ക് ഓഫ് ബറോഡ	28.00
4.	ബാങ്ക് ഓഫ് ഇൻഡ്യ	47.83
5.	കാനറാ ബാങ്ക്	37.04
6.	ഇൻഡ്യൻ ബാങ്ക്	34.21
7.	ഇൻഡ്യൻ ഓവർസീസ് ബാങ്ക്	34.58
8.	സിൻഡിക്കേറ്റ് ബാങ്ക്	32.95
9.	യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ	51.47
10.	വിജയ ബാങ്ക്	45.18
11.	കത്തോലിക് സിറിയൻ ബാങ്ക്	30.85
12.	ഫെഡറൽ ബാങ്ക്	51.94
13.	സൗത്ത് ഇൻഡ്യൻ ബാങ്ക്	32.10

Section Officer

അനുബന്ധം - V

(15-12-1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5 (293) ദയവായി കാണുക)

ധനകാര്യ സ്ഥാപനം (1)	വർഷം (2)	വായ്പ തുക (3)	പ്രതിവർഷ പലിശ (4)
ലൈഫ് ഇൻഷ്വറൻസ്	96-97	31,63,00,000	4,19,58,144
	97-98	110,03,00,000	14.59,58,096
കോർപ്പറേഷൻ ഓഫ്ഇന്ത്യ	98-99	148,71,00,000	19,72,68,276
	99-2000	76,45,00,000	10,14,13,219
ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ്ഇന്ത്യാ	96-97	14,65,00,000	1,94,33,665
	97-98	18,32,00,000	2,43,02,030
	98-99	20,00,00,000	2,65,30,600
	99-2000	22,00,00,000	2,91,83,660
ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി	96-97	2,00,00,000	26,53,060
	98-99	3,50,00,000	46,42,855
ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി	97-98	3,00,00,000	39,79,590
നബാർഡ്	96-97	9,18,74,000	68,90,550
	97-98	18,26,29,000	1,36,97,175
	98-99	4,13,70,000	31,47,750
എൻ.സി.ഡി.സി.	96-97	29,51,99,950	4,28,03,992
	97-98	29,93,87,500	4,34,11,187
	98-99	45,91,92,200	6,65,82,869
	99-2000	19,61,50,300	2,84,41,793
(8.12.1999 വരെ) നബാർഡിന്റെ	1996-97	56,22,36,700	4,14,58,188

LIBRARY ARCHIVES Kerala Legislative Assembly